**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 154** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>അമീബിക് മസ്തിഷ്ക ജ്വരം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എ. സി. മൊയ്തീൻ

ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് അമീബിക് മസ്തിഷ്ക ജ്വരം പടരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ വർഷം ജനവരി മുതൽ ജൂൺ 18 വരെ 137 കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**(ബി)** എത്ര കേസുകളാണ് ആയതുമായി ബന്ധപ്പെട്ട് റിപ്പോർട്ട് ചെയ്തിട്ടുള്ളത് എന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** അമീബിക് മസ്തിഷ്ക ജ്വരത്തെകുറിച്ച് ശാസ്ത്രീയ പഠനങ്ങൾ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

**<u>മറുപടി:</u>** മലിനമായ ജലാശയങ്ങളിൽ നീന്തൽകുളി, ശുദ്ധീകരിക്കാത്ത ഗാർഹിക കിണർ വെള്ളത്തിന്റെ ഉപയോഗം, മലിനമായ വെള്ളത്തിൽ മുറിവുകൾ കഴുകുന്നത്, മുഖത്തെ ഗുരുതര പരിക്ക് മൂലമോ മറ്റു കാരണങ്ങളാലോ മൂക്കിലെ ശസ്ത്രക്രിയക്ക് ശേഷമോ മലിനജലവുമായുള്ള സമ്പർക്കം, ശരിയായ രീതിയിൽ ശുചിത്വം പാലിക്കാത്ത നീന്തൽക്കുളങ്ങളുടെ ഉപയോഗം തുടങ്ങിയവ അമീബിക് മസ്തിഷ്ക ജ്വരം പിടിപെടാനുള്ള സാദ്ധ്യത കൂട്ടുമെന്ന് മുമ്പ് ICMR-National Institute of Epidemiology-യുമായി ചേർന്ന് നടത്തിയ കേസ്-കൺട്രോൾ പഠനത്തിൽ വ്യക്തമായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിലുള്ള പ്രതിരോധ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

**സെക്ഷൻ ഓഫീസർ**